പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.4282

16.12.2014 ൽ
മറുപടിയ്ക്ക്

## യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ ഓൺലൈൻ പരീക്ഷാ പരിശീലനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.സി.വിഷ്ണുനാഥ് :<br>ശ്രീ. ഷാഫി പറമ്പിൽ :<br>ശ്രീ. വി.റ്റി. ബൽറാം:<br>ശ്രീ. ഹൈബി ഈഡൻ: | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ ഡി.റ്റി.പി, പി.എസ്.സി ഓൺലൈൻ പരീക്ഷ എന്നിവയ്ക്ക് പരിശീലനം നൽകുന്ന പരിപാടിക്ക് രൂപം നൽകിയിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത പരിപാടി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ; | (ബി) സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിലെ യുവജനങ്ങൾക്ക് ഏറെ തൊഴിൽ സാധ്യതയുള്ള ഒരു തൊഴിൽ മേഖലയിൽ പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടെയാണ് സി-ഡിറ്റുമായി സഹകരിച്ച് ഡി.റ്റി.പി പരിശീലനം സംഘടിപ്പിച്ചത്. സ്വയംതൊഴിൽ സംരംഭങ്ങൾ രൂപീകരിക്കുന്നതിന് പ്രോത്സാഹനം നൽകാൻ ഈ പദ്ധതി സഹായകരമാണ്.<br><br>പി.എസ്.സി ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനത്തെ കുറിച്ച് വേണ്ടത്ര പരിചയമില്ലാത്തതിനാൽ ധാരാളം പേർക്ക് പി.എസ്.സി പരീക്ഷയ്ക്ക് അപേക്ഷിക്കുവാനുള്ള അവസരം നഷ്ടപ്പെടുകയോ അപേക്ഷകൾ നിരസിക്കപ്പെടുകയോ ചെയ്യുന്നുണ്ട്. ഈ പ്രശ്നത്തിന് ഒരു പരിഹാരം കണ്ടെത്തുക എന്ന ലക്ഷ്യത്തോടെയാണ് സി-ഡിറ്റുമായി സഹകരിച്ച് സൗജന്യ പി.എസ്.സി ഓൺലൈൻ രജിസ്ട്രേഷൻ പരിശീലന പദ്ധതിക്ക് രൂപം നൽകിയത്. |

| | | | |
|---|---|---|---|
| (സി) | അതിനായി എന്തെല്ലാം കാര്യങ്ങളാണ് സംഘടിപ്പിച്ചതെന്ന് വിശദമാക്കാമോ ; | (സി) | സൗജന്യ ഡി.റ്റി.പി പരിശീലനത്തിനായി എല്ലാ ജില്ലകളിൽ നിന്നും പത്ര പരസ്യത്തിലൂടെ അപേക്ഷകൾ സ്വീകരിച്ച് അതാത് ജില്ലയിലെ സി-ഡിറ്റിന്റെ സി.ഇ.പി സെന്ററുകൾ മുഖേന പരിശീലനം നൽകി. ഈ പദ്ധതിയിലൂടെ ഇതുവരെ 9099 പേർ പരിശീലനം പൂർത്തിയാക്കിയിട്ടുണ്ട്.<br>പി.എസ്.സി ഓൺലൈൻ രജിസ്ട്രേഷൻ പരിശീലനത്തിനായി ജില്ലകളിൽ നിന്നും, അപേക്ഷകൾ സ്വീകരിച്ച് സി-ഡിറ്റിന് കൈമാറിയിട്ടുണ്ട്. പരിശീലനം നൽകുന്ന സി-ഡിറ്റിന്റെ സി.ഇ.പി സെന്ററുകളിലെ 752 അദ്ധ്യാപകർക്ക് പി.എസ്.സി ഉദ്യോഗസ്ഥർ ട്രെയിനിംഗ് നൽകി കഴിഞ്ഞു. അവരാണ് മറ്റു ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകുന്നത്. |
| (ഡി) | പ്രസ്തുത പരിപാടികളുമായി സഹകരിച്ചത് ആരെല്ലാമാണെന്നുള്ള വിശദാംശങ്ങൾ നൽകാമോ ? | (ഡി) | സർക്കാർ സ്ഥാപനമായ സി-ഡിറ്റുമായി സഹകരിച്ചാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ